# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 90

30.06.2015 ലെ മറുപടിക്ക്

### ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | | |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുവാനുള്ള സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, പ്ലാസ്റ്റിക്ക് പെല്ലറ്റിംഗ് യൂണിറ്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. |
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ; | സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നത്. ടൂറിസം വകുപ്പ് ഇതിനായി നൽകുന്ന ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിനിയോഗിക്കുന്നത്. |
| ഡി) പദ്ധതി നടപ്പിലാക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ? | ഡി) | കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ, ശുചിത്വമിഷൻ സന്നദ്ധ സംഘടനകൾ എന്നിവരെ ഉപയോഗപ്പെടുത്തി സ്ഥിരമായി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. |

Anuradha C C

സെക്ഷൻ ഓഫീസർ

## അനുബന്ധം 'എ'

സംസ്ഥാനത്തെ മാലിന്യ പ്രശ്നം ടൂറിസം മേഖലയെ ബാധിക്കുവാതിരിക്കാൻ വേണ്ടി എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ശുചിത്വ മിഷൻ, ടൂറിസം ട്രേഡ്, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി ചേർന്ന് വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. 82 കേന്ദ്രങ്ങളിൽ സ്ഥിരമായ ശുചീകരണ പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതോടൊപ്പം കോവളം, കുമരകം, കുമ്പളങ്ങി, വർക്കല, മൂന്നാർ, ദേവികുളം, വൈത്തിരി തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ സമഗ്രമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കായലോര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ജലാശയങ്ങളുടെയും, കായലോരങ്ങളുടെയും മലിനീകരണം തടയുന്നതിനായി ആലപ്പുഴ കായലോര വികസന പദ്ധതിയിൽ തന്നെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്സ് നടപ്പിലാക്കുന്നുണ്ട്.

ജലാശയങ്ങളിലെയും കായലോരങ്ങളിലേയും ജല മലിനീകരണം തടയുന്നതിനായി ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യശേഖരണം നടത്തി അവ നീക്കം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് ഫ്ളോട്ടിംഗ് ക്രാഫ്റ്റ് നിർമ്മിക്കുന്നതിന് കോട്ടയത്ത് കുമരകം കേന്ദ്രമാക്കി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കോവളം, കുമരകം, കുമ്പളങ്ങി തുടങ്ങിയ സ്ഥലങ്ങളിൽ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ മറ്റു കേന്ദ്രങ്ങളിൽ ടൂറിസം ട്രേഡിന്റെ സഹായത്തോടെ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. പുന്നമടയിലും, കുമരകത്തും ജലാശയങ്ങളിലെയും, കായലോരങ്ങളിലെയും ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Anuradha
സെക്ഷൻ ഓഫീസർ